**4. ഉപരിയായ– ആത്മീയമായ ആഗ്രഹങ്ങൾ :** ആത്യന്തിക നന്മയും അസ്ഥിത്വപരമായ സന്തോഷവും അന്വേഷിക്കുക. നാം ആഗ്രഹിക്കുന്ന വ്യവസ്ഥരഹിതവും ഒടുങ്ങാത്തതുമായ സ്നേഹത്തെയാണ് നാം പിൻതുടരുന്നത്. എന്നാൽ ആദ്യമൂന്നു തലങ്ങളിലുള്ള സന്തോഷത്തിന് ഒരിക്കലും ആത്യന്തികമായി നമ്മെ തൃപ്തിപ്പെടുത്താൻ കഴിയില്ല, കാരണം മനുഷ്യന് മറ്റുള്ളവരെ പൂർണതയിൽ നിരുപാധികമായും ശാശ്വതമായും സ്നേഹിക്കാൻ കഴിയില്ല. ഒരു മനുഷ്യന് ഈ ലോകത്ത് കൈവരിക്കാൻ സാധിക്കുന്ന ഏറ്റവും വലിയ തിരിച്ചറിവ് ദൈവത്തിന് മാത്രമേ ആത്യന്തികമായി നമ്മെ സംതൃപ്തിപ്പെടുത്താൻ കഴിയൂ എന്നതാണ്. അതിനു കാരണം, നാം സൃഷ്ടിക്കപ്പെട്ടത് ദൈവത്തിന്റെ ഛായയിലും സാദൃശ്യത്തിലുമാണ് എന്നതാണ്. നമുക്കെല്ലാവർക്കും ഒരു ഉപരിയായ (ആതീന്ദ്രിയ) തലമുണ്ട്. നമുക്കപ്പുറത്തേയ്ക്ക് കടന്ന്, വി. അഗസ്റ്റിൻ സൂചിപ്പിക്കുന്നതുപോലെ, പരിപൂർണ സത്യവും പരിപൂർണ നന്മയും, പരിപൂർണ സ്നേഹവും, പരിപൂർണ സൗന്ദര്യവും, പരിപൂർണ അസ്ഥിത്വവും ആഗ്രഹിക്കാൻ കഴിവുള്ള സൃഷ്ടികളാണ് നാം. ലൗകീക ആഗ്രഹങ്ങൾ നിവർത്തിയാക്കുന്നതിലൂടെ യഥാർത്ഥ സന്തുഷ്ടി കൈവരുമെന്ന് അനേകർ തെറ്റിദ്ധരിച്ച് ദൈവവുമായുള്ള ബന്ധം വിസ്മരിക്കുന്നു. എന്നാൽ കാലവിഗതിയിൽ

ഉള്ളിന്റെയുള്ളിൽ ശൂന്യതയും ഏകാന്തതയും തിരയടിക്കുന്നു. (അപ്പോൾ) അവർ തിരിച്ചറിയുന്നത് അവരിലെ യഥാർത്ഥ സന്തോഷത്തിന്റെ കുറവിനെയാണ്.

സന്തോഷത്തിന് വേണ്ടിയുള്ള നമ്മുടെ ആഗ്രഹം ആത്യന്തികമായി ദൈവത്തിനായുള്ള വാഞ്ചയാണ്. കത്തോലിക്കാ സഭയുടെ മത ബോധന ഗ്രന്ഥത്തിൽ നാം വായിക്കുന്നു. “ദൈവത്തിനു വേണ്ടി യുള്ള ദാഹം മനുഷ്യ ഹൃദയത്തിൽ രേഖപ്പെടുത്തപ്പെട്ടിരിക്കുന്നു. കാരണം മനുഷ്യൻ ദൈവത്താലും ദൈവത്തിന് വേണ്ടിയും സൃഷ്ടിക്കപ്പെട്ടവനാണ്. തന്നിലേയ്ക്ക് മനുഷ്യനെ ആകർഷിക്കു ന്നതിൽ നിന്നും ദൈവം ഒരിക്കലും വിരമിക്കുന്നില്ല. മനുഷ്യൻ നിരന്തരം അന്വേഷിക്കുന്ന സത്യവും സൗഭാഗ്യവും ദൈവത്തിൽ മാത്രമെ അവൻ കണ്ടെത്തുകയുള്ളൂ” (ന. 27). സന്തോഷത്തി നായുള്ള നമ്മുടെ തിരച്ചിൽ ഒരിക്കലും അവസാനിക്കുന്നില്ല. ദൈവ ത്തിൽ മാത്രം കണ്ടെത്താൻ കഴിയുന്ന നിത്യ സ്നേഹവും സന്തോ ഷവും തേടുന്നതിനായി ദൈവത്താൽ തന്നെ അത് (ഉപരിയായ അന്വേഷണം) നമ്മുടെ ഹൃദയങ്ങളിൽ ആലേഖനം ചെയ്യപ്പെട്ടിരി ക്കുന്നു. മറ്റാർക്കുമോ മറ്റൊന്നിനുമോ ഈ ലോകത്ത് നമ്മെ ഒരി ക്കലും തൃപ്തിപ്പെടുത്താൻ കഴിയില്ല. വിശുദ്ധ അഗസ്റ്റിന്റെ വാക്കു കൾ എത്ര ശരിയാണ്: “നീ ഞങ്ങളെ നിനക്കുവേണ്ടി സൃഷ്ടിച്ചി രിക്കുന്നു. നിന്നിൽ വിലയം പ്രാപിക്കുവോളം ഞങ്ങളുടെ ഹൃദയ ങ്ങൾ അസ്വസ്ഥമാണ്.” ദൈവം മാത്രമാണ് നമ്മുടെ സന്തോഷ ത്തിന്റെയും സംതൃപ്തിയുടെയും കാരണം.

നാം വിശ്വസിക്കുന്ന കർത്താവ് പരിശുദ്ധനായ ദൈവമാണ്. അവ നോടുകൂടി ആയിരിക്കാനാണ് ദൈവം നമ്മെ സൃഷ്ടിച്ചത് എന്ന് ക്രിസ്തീയ വിശ്വാസം നമ്മെ പഠിപ്പിക്കുന്നു; അതാണ് യഥാർത്ഥ സന്തോഷത്തിനുള്ള ഏക വഴി. അപ്പോൾ ഉയരുന്ന ചോദ്യം യഥാർത്ഥ സന്തോഷം കണ്ടെത്തുന്നതിനായുള്ള വഴി എന്താണ്? പരിശുദ്ധി കൂടാതെ “ആർക്കും ദൈവത്തെ കാണാൻ സാധിക്കു കയില്ല” (ഹെബ്രാ 12:14) എന്ന് വചനം നമ്മെ ഓർമ്മിപ്പിക്കുന്നു. സങ്കീർത്തകൻ ചോദിക്കുന്നു: “കർത്താവേ, അങ്ങയുടെ കൂടാര ത്തിൽ ആരു വസിക്കും? അങ്ങയുടെ വിശുദ്ധ ഗിരിയിൽ ആരു വസിക്കും?” ഉടനെ തന്നെ വീണ്ടും അദ്ദേഹം നിർദ്ദേശിക്കുന്നു. “നിഷ്കളങ്കമായി ജീവിക്കുകയും നീതിമാത്രം പ്രവൃത്തിക്കുകയും ഹൃദയം തുറന്ന് സത്യം പറയുകയും ചെയ്യുന്നവൻ” (സങ്കീ 15).

യഥാർത്ഥ സന്തോഷം ദൈവത്തിൽ മാത്രമേ കണ്ടെത്താൻ കഴിയൂ എങ്കിൽ അത് നേടിയെടുക്കാനുള്ള ഏക മാർഗം വിശുദ്ധിയാണ്. ഈ അടുത്തകാലത്ത് പുറപ്പെടുവിച്ച Gaudete et Exsultate: *On the Call to Holiness in Today's World* എന്ന അപ്പസ്തോലിക പ്രബോധനത്തിൽ പരി. പിതാവ് ഫ്രാൻസിസ് മാർപാപ്പാ നമ്മെ പഠിപ്പിക്കുന്നത് വിശുദ്ധിയും സന്തോഷവും ഒന്നിച്ചുപോകുന്നുവെന്നാണ്; വിശുദ്ധിയുടെ പര്യായമായിട്ടുപോലും സന്തോഷത്തെ പരി. പിതാവ് പരിഗണിക്കുന്നു. ഒരു വിശുദ്ധ വ്യക്തി സന്തുഷ്ടനായ വ്യക്തിയാണ്, യഥാർത്ഥ സന്തോഷമനുഭവിക്കുന്ന വ്യക്തി നിർബന്ധമായും വിശുദ്ധ ജീവിതത്തിന് ഉടമയായിരിക്കണം. വിശുദ്ധിയിലേയ്ക്കും സന്തോഷത്തിലേയ്ക്കുമുള്ള നമ്മുടെ പുരോഗതിയെ തടസ്സപ്പെടുത്തുന്ന സമകാലിക വെല്ലുവിളികൾ ചർച്ച ചെയ്ത ശേഷം, ആത്യന്തിക സന്തോഷത്തിലേക്ക് നയിക്കുന്ന സന്തോഷത്തിലേയ്ക്ക് നയിക്കുന്ന പാത കുടുംബ വിശുദ്ധിയാണെന്ന് കാണിക്കുവാനായി, ഞാൻ, പരി. ഫ്രാൻസിസ് മാർപാപ്പയുടെ പ്രബോധനങ്ങളായ Amoris Laetitia (സ്നേഹത്തിൽ സന്തോഷം), Gaudete et exsulate (സന്തോഷിച്ച് ആനന്ദിക്കുക) എന്നിവയിൽ ശ്രദ്ധ കേന്ദ്രീകരിക്കുന്നതാണ്.

2) ഇന്നത്തെ സാഹചര്യത്തിൽ വിശുദ്ധിയുടെ ജീവിതം ഒരുവനെ സംബന്ധിച്ച് വെല്ലുവിളിയായി തോന്നുന്നു. സന്തോഷത്തിനായുള്ള ആധുനിക അന്വേഷണം നയിക്കപ്പെടുന്നത് സ്വയാവിഷ്ക്കാരത്തിന്റെ തത്വശാസ്ത്രങ്ങൾ (philosophies of self-fulfillment), വ്യക്തിത്വവാദം (individualism), സുഖാനുഭൂതിവാദം (hedonism) എന്നിവയിലൂടെയാണ്. എന്നാൽ, ഈ തത്ത്വങ്ങൾ ക്രമേണ മനുഷ്യരെ വലിയ അസംതൃപ്തിയിലേയ്ക്കും സന്തോഷ രാഹിത്യത്തിലേയ്ക്കും നയിക്കുന്നുവെന്നു തിരിച്ചറിയുന്നതിൽ ജനം പരാജയപ്പെടുന്നു. അസന്തുഷ്ടമായ ഈ സമകാലിക പ്രവണതകൾ മനുഷ്യന്റെ വിശുദ്ധിയിലേയ്ക്കും സന്തോഷത്തിലേയ്ക്കുമുള്ള പുരോഗതിയെ തടയുന്നു. സന്തോഷത്തിന്റെ ഇത്തരം വ്യാജവഴികളെക്കുറിച്ച് ചർച്ച ചെയ്യുന്നത് പ്രസക്തമാണ്.

**a. വ്യക്തിമാഹാത്മ്യവാദം (**Individualism**):** ഇന്നത്തെ മതേതര സംസ്കാരത്തിൽ, ആളുകൾ കൂടുതൽ കൂടുതൽ സ്വത്വകേന്ദ്രീകൃതമാകുന്നു. എന്റെ ആഗ്രഹവും, എന്റെ ഭാവിയും, എന്റെ സന്തോഷവും, എന്റെ സ്വാതന്ത്ര്യവും, എന്റെ അവകാശങ്ങളും, മുതലായവ സ്ഥിരം ആവർത്തിക്കപ്പെടുന്ന വാക്കുകളും അങ്ങനെ ആധുനിക കാലഘട്ടത്തിൽ പ്രചുരപ്രചാരം നേടിയവയാണ്.

'എന്റെ വിധിയുടെ ഉടയോൻ ഞാൻ തന്നെ' എന്നത് വ്യക്തിമാഹാത്മ്യവാദത്തിന്റെ പ്രമാണമായി മാറുന്നു. സ്വാതന്ത്ര്യ ത്തെക്കുറിച്ചുള്ള തെറ്റായ ധാരണ അവരുടെ മനോഭാവത്തിനു പിന്നിലുണ്ട്, അതിൻപ്രകാരം, സ്വാതന്ത്ര്യം എന്നത് എന്ത്, എവിടെ, എപ്പോൾ. ആഗ്രഹിക്കുന്നുവോ അതെല്ലാം ചോദ്യം ചെയ്യപ്പെടാതെ ചെയ്യുവാനുള്ള ഇച്ഛാശക്തിയായി മനസിലാക്കുന്നു. ആധുനിക സംസ്കാരം സ്വാതന്ത്ര്യം, അവകാശങ്ങൾ എന്നിവയെ ഔന്നത്യ ത്തിൽ കാണുന്നു.

**b. ആപേക്ഷികതാവാദം:** സാർവത്രികവും വസ്തുനിഷ്ഠവുമായ സത്യങ്ങളെ തിരസ്ക്കരിക്കുന്നതാണിത്. ഒരാൾക്ക് നന്മയോ സത്യമോ ആയ ഒരു കാര്യം അല്ലെങ്കിൽ പ്രവൃത്തി മറ്റൊരാൾക്ക് തിന്മയോ അസത്യമോ ആയിരിക്കാം. ഉദാഹരണമായി, വിവാഹി തരാകാതെ ഭാര്യഭർത്താക്കന്മായി ജീവിക്കുന്നത്. അത് തിന്മയായി നിങ്ങൾ ചിന്തിക്കുന്നുവെങ്കിൽ അത് നിങ്ങളുടെ സ്വാതന്ത്ര്യം, പക്ഷേ എനിക്ക് അത് പൂർണമായും നന്മയാണ്.

ഈ മനോഭാവം നമ്മുടെ ചെറുപ്പക്കാരുടെ മനസ്സിനെ സാവധാനം കീഴ്പ്പെടുത്തുന്നു എന്നത് ആശങ്കാജനകമാണ്. നമ്മുടെ യുവാക്ക ളിൽ പലരും സ്വവർഗ്ഗ വിവാഹബന്ധത്തെയും, കുറ്റകരമല്ലാതാ ക്കുന്ന വ്യഭിചാരത്തെയും, ഒന്നിച്ചുള്ള സഹവാസത്തെയും, വിവാഹ പൂർവ്വ ലൈംഗീകതയേയും പരസ്യമായി ന്യായീകരിക്കു ന്നവരാണ്.

**c. ഉപഭോഗസംസ്ക്കാരവും സുഖാനുഭൂതിവാദവും :-** സുഖമാണ് ഏറ്റവും വലിയ നന്മ (സുഖാനുഭൂതിവാദം) എന്ന് ഊന്നിപ്പറയുന്ന തിലൂടെ ഇന്നത്തെ തലമുറ വ്യക്തിമാഹാത്മ്യവാദത്തെ വീണ്ടും ഉയർത്തിക്കാട്ടുകയാണ്. കൂടുതൽ സുഖം ലഭിക്കാനായി കൂടുതൽ സമ്പത്ത് ആവശ്യമാണ്. ഈ സംസ്ക്കാരത്തിൽ, വിജയം അളക്കു ന്നത്, നിങ്ങൾ എന്തായിരിക്കുന്നു എന്നതിനെക്കാൾ നിങ്ങൾക്ക് എന്തുണ്ട് എന്നതിനെ ആസ്പദമാക്കിയാണ്. അതിനാൽ ഇന്നത്തെ യുവജനങ്ങൾ എത്രത്തോളം സമ്പത്തും വസ്തുക്കളും സ്വന്തമാ ക്കാമോ അതിനായി തീവ്രമായി പരിശ്രമിക്കുന്നു. "ഞാൻ വാങ്ങി കൂട്ടുന്നു അതിനാൽ ഞാൻ നിലനിൽക്കുന്നു." എന്നതാണ് ഉപ ഭോഗ സംസ്ക്കാരത്തിന്റെ വിശ്വാസപ്രമാണം. എന്നാൽ. ഇന്ന് എല്ലാ പുതിയ ഉപകരണങ്ങളുടെയും കാലാവധി ചുരുങ്ങിയ സമ യത്തിനുള്ളിൽ തീരുന്നവയാണ്. 'ഉപയോഗിച്ചു വലിച്ചെറിയുന്ന' സംസ്ക്കാരത്തിലേയ്ക്ക് ഇത് നയിക്കുന്നു.

ഈ സംസ്ക്കാരം മാനുഷിക ബന്ധങ്ങളിലേയ്ക്കും വ്യാപിക്കുന്നു; ഇവിടെ ഒരു വ്യക്തിയെ അളക്കുന്നത് എന്റെ വളർച്ചയ്ക്കായി അവനോ അവളോ പ്രയോജനപ്പെടുമോ എന്ന അളവുകോലിലാണ്. ഫ്രാൻസിസ് മാർപാപ്പ സ്നേഹത്തിന്റെ സന്തോഷം (*Amoris Laetitia*) എന്ന ചാക്രിക ലേഖനത്തിൽ എഴുതുന്നു: "നമ്മൾ സ്നേഹപരമായ ബന്ധങ്ങളോട് ഭൗതീക വസ്തുക്കളോടും പരിസ്ഥിതിയോടും എന്നപോലെ പെരുമാറുന്നു. എല്ലാം വലിച്ചെറിയാവുന്നതാണെന്ന്, സ്വീകരിക്കലും ഒഴിവാക്കലും പാടുണ്ടെന്നും, ചൂഷണം ചെയ്യുകയും അവസാനതുള്ളിവരെ പിഴിഞ്ഞെടുക്കാൻ കഴിയുമെന്നും കരുതുന്നു. സ്വദേഹ പ്രേമം തങ്ങൾക്കപ്പുറം നോക്കാൻ സ്വന്തമാഗ്രഹങ്ങൾക്കും ആവശ്യങ്ങൾക്കുമപ്പുറം നോക്കാൻ മനുഷ്യരെ കഴിവില്ലാത്തവരാക്കുന്നു. എന്നാലും മറ്റുള്ളവരെ ഉപയോഗിക്കുന്നവർ, വേഗത്തിലോ ക്രമേണയോ, സ്വയം ഉപയോഗിക്കപ്പെട്ടവരായി തീരുന്നു" (ന. 39).

**d. ആഗോളവത്ക്കരണവും ഇന്റർനെറ്റ് അഡിക്ഷനും:-** സമീപ ദശകങ്ങളിൽ ഭൂഗോളം മുഴുവൻ ഒരു ഗ്രാമമായി മാറി. ഇന്ന്, ഇന്റർനെറ്റ് വിപ്ലവകരമായി സംസ്ക്കാരത്തെ സ്വാധീനിക്കുന്നുണ്ട്. ഇന്റർനെറ്റ് ഉപയോഗത്തിലൂടെ വൻകരകൾ തമ്മിലുള്ള ആശയ വിനിമയവും സൗഹൃദവും ഇപ്പോൾ വളരെ എളുപ്പമായി. പരിതികളില്ലാത്ത വിവരങ്ങൾ നമ്മുടെ വിരൽ തുമ്പിൽ ലഭ്യമാണ്. പക്ഷേ ഇത് പുത്തൻ വെല്ലുവിളികളും പ്രശ്നങ്ങളും സൃഷ്ടിക്കുന്നു. ഈ വെല്ലുവിളികളിൽ ചിലത് അശ്ലീലചിത്രം, സാങ്കല്പിക (virtual) ബന്ധങ്ങൾ, സമയം പാഴാക്കുന്ന ഗെയിം, സൈബർ കുറ്റകൃത്യങ്ങൾ തുടങ്ങിയവയാണ്.

മുകളിൽ സൂചിപ്പിച്ച പ്രശ്നങ്ങളും പ്രവണതകളും നമ്മുടെ സമൂഹത്തിൽ വ്യാപിച്ചിരിക്കുന്നു. സന്തോഷത്തിനുവേണ്ടിയുള്ള ആഗ്രഹം എന്നത് എല്ലാ മനുഷ്യർക്കും പൊതുവായിട്ടുള്ളപ്പോൾ തന്നെ സുഖത്തെ സന്തോഷമായി തെറ്റിദ്ധരിക്കുന്നതിലാണ് പ്രശ്നം കിടക്കുന്നത്. വ്യക്തി മാഹാത്മ്യവാദം സുഖാനുഭൂതിവാദം തുടങ്ങിയ തത്വശാസ്ത്രങ്ങളുടെ സ്വാധീനത്താൽ മനുഷ്യർ പലപ്പോഴും സുഖത്തിലും, സമ്പത്തിലും അധികാരത്തിലും സന്തോഷം കണ്ടെത്താൻ ശ്രമിക്കുന്നു. അവയിലോരൊന്നും നൈമിഷിക സന്തോഷം വാഗ്ദാനം ചെയ്യുന്നുവെങ്കിലും അവ നീണ്ടു നിൽക്കുന്നില്ല, സന്തോഷത്തിനായുള്ള നമ്മുടെ അന്വേഷണം തുടരുന്നു.

സന്തോഷത്തിന്റെ വിവിധ തലങ്ങളെ സ്പഷ്ടമാക്കുകയും സമകാലിക വെല്ലുവിളികൾ പരിശോധിക്കുകയും ചെയ്തതിനുശേഷം, ഇത്തരം വെല്ലുവിളികളോട് എങ്ങനെ പ്രതികരിക്കണമന്നും എങ്ങനെ യഥാർത്ഥ സന്തോഷത്തിൽ വളരണമെന്നും ചർച്ച ചെയ്യുന്നത് ഉചിതമാണ്. ഇതിനായി, നമ്മുടെ ജീവിതത്തിൽ പടർന്നു പിടിക്കുന്ന എല്ലാ പ്രശ്നങ്ങൾക്കുള്ള പരിഹാരവും യഥാർഥ സന്തോഷത്തിലേയ്ക്കുള്ള ഏകവഴിയും വ്യക്തിപരമായ വിശുദ്ധിയാണെന്ന് നിർദ്ദേശിച്ച ഫ്രാൻസിസ് മാർപാപ്പയുടെ ദർശനത്തിൽ ഞാൻ ശ്രദ്ധ കേന്ദ്രീകരിക്കുന്നു, ഏത് സാഹചര്യത്തിലും സന്തോഷിക്കാൻ കഴിയുന്നത് വിശുദ്ധർക്കു മാത്രമാണ്. വിശുദ്ധരായിരിക്കാൻ നാം എവിടെ നിന്നാണ് പഠിക്കേണ്ടത്? അത് കുടുംബത്തിൽ നിന്നാണ്. അതുകൊണ്ട്, ആത്യന്തിക സന്തോഷത്തിലേയ്ക്കുള്ള താക്കോൽ കുടുംബ വിശുദ്ധിയാണ്.

### 3. ഫ്രാൻസിസ് മാർപ്പാപ്പയുടെ ദർശനം: വിശുദ്ധിയാണ് സന്തോഷത്തിലേയ്ക്കുള്ള താക്കോൽ.

ആധുനിക ലോകത്ത്, വിശുദ്ധിയും സന്തോഷവും കൈവരിക്കാനുള്ള പ്രായോഗികമാർഗങ്ങൾ Gaudete et exsultate എന്ന ചാക്രിക ലേഖനത്തിൽ ഫ്രാൻസിസ് പാപ്പ പങ്കുവയ്ക്കുന്നു. നമ്മൾ എപ്രകാരം വിശുദ്ധിയിൽ ആയിരിക്കണമെന്നാണ് ദൈവം ആഗ്രഹിക്കുന്നു (ഉൽ17:1; എഫേ.1:4) എന്ന് ഈ പ്രമാണരേഖ ഓർമ്മിപ്പിക്കുന്നു, കാരണം "നാം എന്തിനു വേണ്ടി സൃഷ്ടിക്കപ്പെട്ടുവോ ആ യഥാർത്ഥ ജീവിതവും സന്തോഷവും" നാം കണ്ടെത്തുന്നത് വിശുദ്ധിയിൽ മാത്രമാണ്. നാം "വിശുദ്ധരായിരിക്കുവാനും നിർഗുണമോ ഇടത്തരമോ ആയ അസ്ഥിത്വവുമായി സമരസപ്പെടാതിരിക്കാനും" ദൈവം ആഗ്രഹിക്കുന്നു.

### a. പരിശുദ്ധി എല്ലാവർക്കുമുള്ളതാണ്, എന്നാൽ ഓരോരുത്തർക്കും വ്യത്യസ്തമായ ഒരു പാതയുണ്ട്.

എല്ലാവരും വിശുദ്ധിയിലേയ്ക്ക് വിളിക്കപ്പെട്ടിരിക്കുന്നു, എന്നാൽ നമ്മിൽ ഓരോരുത്തരും "അവന്റെ അല്ലെങ്കിൽ അവളുടെ പാത വിവേചിച്ചറിയണം" (ന. 14) എന്നാൽ വിശുദ്ധരായി പ്രഖ്യാപിക്കപ്പെട്ടവരും രക്തസാക്ഷികളും മാത്രമാണ് വിശുദ്ധരെന്നും മാർപാപ്പാമാർ, ബിഷപ്പുമാർ, പുരോഹിതന്മാർ, സന്യസ്തർ എന്നിവർക്ക് മാത്രമാണ് വിശുദ്ധി ആവശ്യമെന്നും ചിന്തിക്കുന്ന പ്രവണത അനേകരിൽ ഇന്നുണ്ട്. ഈ സാഹചര്യത്തിൽ, ഫ്രാൻസിസ് മാർപാപ്പ പുനരാഹ്വാനം ചെയ്യുന്നത് നമ്മുടെ ദൈനംദിന സാധാരണ സാഹ

ചര്യങ്ങളുടെ മധ്യേയുള്ള വിശുദ്ധിയിലേയ്ക്കുള്ള സാർവത്രിക വിളിയെക്കുറിച്ചാണ്. രക്ഷിതാക്കൾക്ക് കുഞ്ഞുങ്ങളെ സ്നേഹത്തോടെ വളർത്തിയും, ദമ്പതികൾക്ക് അവരുടെ ജീവിതപങ്കാളിയെ സ്നേഹിച്ചും കരുതിയും, സമർപ്പിതർക്ക് തങ്ങളുടെ സമർപ്പണം ആനന്ദത്തോടെ ജീവിച്ചുകൊണ്ടും വിശുദ്ധിയിലേയ്ക്ക് വളരാം. അതുപോലെ, യുവജനങ്ങൾ തങ്ങളുടെ സ്കൂളുകളിലും കോളേജുകളിലും ജോലിസ്ഥലങ്ങളിലും അവരുടെ ഉത്തരവാദിത്വത്തോട് വിശ്വസ്തകാണിച്ചും മറ്റുള്ളവരോട് സ്നേഹവും സഹാനുഭൂതിയും കാണിച്ചും, മറ്റുള്ളവരുടെ ജീവിതത്തിൽ സന്തോഷം കൊണ്ടുവന്നും വിശുദ്ധരായിത്തീരാം.

ഏതൊരു വ്യക്തിക്കും വിശുദ്ധനായി/വിശുദ്ധയായി തീരാമെന്ന് പരി. ഫ്രാൻസിസ് മാർപാപ്പ നമ്മെ ഓർമ്മിപ്പിക്കുന്നു. വിശുദ്ധിയിലേയ്ക്ക് നമ്മെ വിളിച്ച ദൈവം നമ്മുടെ തെറ്റുകളേയും ബലഹീനതകളേയും പരിഗണിക്കാതെ തന്നെ നമ്മുടെ മിഷൻ പൂർത്തീകരിക്കും. വിശുദ്ധന്മാർ പൂർണ്ണതയുള്ളവരായിരുന്നില്ല, അവർക്കും അവരുടേതായ ബലഹീനതകളും പരാജയങ്ങളും ഉണ്ടായിരുന്നു. വിശുദ്ധിയും പൂർണ്ണതയും തമ്മിലുള്ള ചില വ്യത്യാസത്തെ അടിവരയിട്ടുകൊണ്ട് മാർപ്പാപ്പ പറയുന്നതെന്തെന്നാൽ, വിശുദ്ധർ എപ്പോഴും പൂർണരായിരിക്കണമെന്ന് പ്രതീക്ഷിക്കാൻ സാധിക്കില്ല. "ഒരു വിശുദ്ധൻ പറയുന്നതെല്ലാം പൂർണമായും സുവിശേഷത്തോടു വിശ്വസ്തത പുലർത്തണമെന്നില്ല; അവൻ അല്ലെങ്കിൽ അവൾ ചെയ്യുന്ന എല്ലാം ആധികാരികമോ പൂർണമോ ആയിരിക്കണമെന്നില്ല." (ന. 22). അവരുടെ ജീവിതവും അവരുടെ വിശുദ്ധിയിലുള്ള വളർച്ചയും സമഗ്രതയിൽ നാം പരിഗണിക്കണം. ഫ്രാൻസിസ് മാർപാപ്പ ആന്ദ്രേ ടോണിയേല്ലിക്ക് നൽകിയ അഭിമുഖത്തിൽ പറഞ്ഞു: "കർത്താവിന്റെ കാടാക്ഷം പതിഞ്ഞ ഒരു പാപിയാണ് ഞാൻ" എന്ന്. പരിശുദ്ധി, ഫ്രാൻസിസ് മാർപാപ്പയ്ക്ക്, "നമ്മുടെ ബലഹീനതയും ദൈവകൃപയും തമ്മിലുള്ള കണ്ടുമുട്ടലാണ്" (ന. 34).

### b. എന്താണ് വിശുദ്ധി?

**(i) വിശുദ്ധി എന്നാൽ നമ്മിലെ ക്രിസ്തു ജീവിതമാണ്:** ക്രിസ്ത്യാനിയുടെ സമൂല പരിവർത്തനം ഉൾക്കൊള്ളുന്നത് ക്രിസ്തുവായി തീരുന്നതിലാണ്, അതാണ് ഓരോ വ്യക്തിയേയും സംബന്ധിച്ചുള്ള ദൈവപദ്ധതി. ഗലാ. 2:20-ൽ വിശുദ്ധ പൗലോസ് പറയുന്നു: "ഇനിമേൽ ഞാനല്ല ക്രിസ്തുവാണ് എന്നിൽ ജീവിക്കുന്നത്." ക്രിസ്തു

നമ്മുടെ ഉള്ളിൽ വസിക്കുന്നു – അതാണ് വിശുദ്ധി. ക്രിസ്തു നമ്മിലുള്ളപ്പോൾ യേശുവിന്റെ കണ്ണിലൂടെ നാം കാണുന്നു. ഇങ്ങനെ യേശുവിന്റെ കണ്ണിലൂടെ കാര്യങ്ങൾ കാണുന്നവർക്ക് മറ്റുള്ളവരുടെ വേദനയും ദുഃഖവും മനസിലാക്കാനും അവരോട് സഹതപിക്കാനും സാധിക്കും.

ഫ്രാൻസിസ് പാപ്പ പറയുന്നതെന്തെന്നാൽ വിശുദ്ധരായിരിക്കുക എന്നാൽ ക്രിസ്തുവിനെ അവന്റെ ജീവിതം നമ്മിൽ ജീവിക്കാനനുവദിക്കുന്നതാണ്.

**(ii) ക്രിസ്തു ദൗത്യത്തിലെ പങ്കാളിത്തം :** വ്യക്തിപരമായ വിശുദ്ധിക്കുവേണ്ടി നാം പരിശ്രമിക്കണമെങ്കിലും വിശുദ്ധി എന്നത് 'ദൈവ'വും 'ഞാനു'മായുള്ള സ്വകാര്യ കാര്യമല്ല. നാം വിശുദ്ധിയിലേയ്ക്ക് വിളിക്കപ്പെട്ടിരിക്കുന്നത് വ്യക്തികളായിട്ടല്ല പിന്നെയോ മറ്റുള്ളവരുമായുള്ള കൂട്ടായ്മയിലാണ്, കാരണം, ആരുംതന്നെ രക്ഷിക്കപ്പെടുന്നത് ഒറ്റപ്പെട്ട വ്യക്തികളായിട്ടല്ല (GE n. 6).

നമ്മുടെ വ്യക്തിപരമായ ദൗത്യത്തെ "സ്നേഹത്തിന്റേയും നീതിയുടേയും സാർവത്രിക സമാധാനത്തിന്റേയും രാജ്യം" (ന. 25) കെട്ടിപ്പടുക്കുന്നതിൽ നിന്ന് വിഭിന്നമായി മനസ്സിലാക്കേണ്ടതല്ല. നാം പിൻതുടരുന്നത് ഒരു സിദ്ധാന്തത്തെയല്ല മറിച്ച് ഒരു വ്യക്തിയെയാണ് – യേശുക്രിസ്തു, ഒരു നിശ്ചിത സമയത്തും ഒരു നിശ്ചിത സ്ഥലത്തും. എന്നിരുന്നാലും, മാർപാപ്പ നമ്മുടെ വ്യക്തിപരമായ പ്രാർത്ഥനാ ജീവിതവും നമ്മുടെ ജോലിയും തമ്മിലുള്ള സന്തുലിതാവസ്ഥ നിലനിറുത്താൻ മാർപാപ്പാ നമ്മെ ആഹ്വാനം ചെയ്യുന്നു. യുവജനങ്ങൾ പ്രത്യേക ആഘോഷങ്ങൾ, തിരുനാളുകൾ, സാമൂഹിക ക്ഷേമപ്രവർത്തനങ്ങൾ എന്നിവ സംഘടിപ്പിക്കുന്നതിൽ ചായ്വുള്ളവരാണ്. എന്നാൽ, ദൈവമുമ്പാകെയുള്ള നിശബ്ദത, ദൈവവചന വായന, കുടുംബ പ്രാർത്ഥന വിശുദ്ധ കുർബാനയിലെ പങ്കാളിത്തം എന്നിവ വിശുദ്ധിയിലേയ്ക്കുള്ള അവരുടെ വളർച്ചയ്ക്ക് അത്യാവശ്യമാണെന്ന കാര്യം അവർ മറക്കരുത്. ചില ആളുകൾ മറ്റുള്ളവരെ സഹായിക്കാനുള്ള പ്രവർത്തനങ്ങളിൽ മുഴുകുകയും എന്നാൽ ദൈവവുമായുള്ള വ്യക്തിബന്ധത്തെ ഗൗരവമായി പരിഗണിക്കാതിരിക്കുകയും ചെയ്യുന്നത് പരിശുദ്ധ പിതാവ് ചൂണ്ടികാണിക്കുന്നു. ക്രിസ്തുമതം "ഒരുതരം സന്നദ്ധ സംഘടനയല്ല" എന്ന് പരിശുദ്ധ പിതാവ് ഓർമ്മിപ്പിക്കുന്നു. കൊൽക്കത്തയിലെ മദർ തെരേസയെ പോലുള്ള മഹത്തായ വിശുദ്ധർ തങ്ങളുടെ പ്രാർത്ഥനാജീവിതവും "അയൽക്കാരോടുള്ള

ആവേശകരവും പ്രയോജനപ്രദമായ സമർപ്പണവും" (ന. 100) തമ്മിലുള്ള ലയനം കണ്ടെത്തിയവരാണ്.

### C. കുടുംബത്തിൽ വിശുദ്ധനായിരിക്കാൻ പഠിക്കുക

വിവാഹമെന്ന അടിസ്ഥാനത്തിൽ പണിതുയർത്തിയിരിക്കുന്ന കുടുംബത്തിലാണ് കുട്ടികൾ നല്ല മൂല്യങ്ങൾ പഠിക്കുകയും അവരുടെ സ്വഭാവം രൂപപ്പെടുത്തുകയും ചെയ്യുന്നത്. വിവാഹജീവിതത്തിൽ ഒരു പുരുഷനും ഒരു സ്ത്രീയും തങ്ങളുടെ ജീവിത പങ്കാളിക്ക് തങ്ങളെ തന്നെ സ്നേഹത്തിൽ നൽകി ഏകശരീരമായിത്തീരുന്നു. അവർ തങ്ങളെത്തന്നെ സ്നേഹിക്കുന്നതുപോലെ പരസ്പരം സ്നേഹിക്കുന്നു. എന്നാൽ സ്നേഹം അതിൽ തന്നെ ഒതുങ്ങിക്കൂടാൻ സാധിക്കില്ല. അത് പുറത്തേയ്ക്ക് പോകേണ്ടതാണ്. "സ്നേഹം ആരംഭം മുതൽ അതിൽ തന്നെ ഒതുങ്ങി കഴിയാനുള്ള ഏത് ചോദനയെയും നിഷേധിക്കുന്നു. അതിനപ്പുറത്തുള്ള ഫലപൂർണതയിലേയ്ക്ക് നയിക്കപ്പെടാനുള്ള തുറവി അതിനുണ്ട്" (സ്നേഹത്തിന്റെ സന്തോഷം ന. 80). അവർ (ദമ്പതികൾ) 'സ്നേഹത്തിൽ സ്വമേധയായ നടത്തുന്ന ആത്ദാനത്തിന്റെ' ഫലമാണ് കുഞ്ഞുങ്ങൾ. മാതാപിതാക്കളുടെ സ്നേഹം കുട്ടികൾ അനുഭവിച്ചറിയുകയും കുഞ്ഞുങ്ങൾ അവരെ തിരികെ സ്നേഹിക്കുകയും ചെയ്യുന്നു. സ്നേഹനിധിയായ ദമ്പതികൾ അപ്പോൾ ഒരു സ്നേഹ കൂട്ടായ്മയായി മാറുന്നു – അതായത്, പരിശുദ്ധ ത്രിത്വത്തിന്റെ മാതൃകയിലുള്ള ഒരു കുടുംബം. ഒരു ക്രിസ്തീയ കുടുംബം സ്നേഹത്തിന്റെ ആനന്ദം അനുഭവിക്കാനും വിശുദ്ധിയിലേയ്ക്കു ഒന്നിച്ചു ഗമിക്കാനും വിളിക്കപ്പെട്ടിരിക്കുന്നു.

i. വിശ്വാസത്തിന്റെ ആദ്യ പാഠങ്ങൾ ഒരു കുഞ്ഞ് പഠിക്കുന്നത്, തന്റെ മാതാപിതാക്കളിൽ നിന്നാണ്, വിശേഷിച്ച് അമ്മയിൽ നിന്നാണ്. "കുടുംബമാണ്, മാതാപിതാക്കൾ വിശ്വാസത്തിൽ കുട്ടികളുടെ ആദ്യത്തെ അധ്യാപകരായി മാറുന്ന സ്ഥലം" (സ്നേഹത്തിൽ സന്തോഷം, ന. 16). റോമ 10:17 ൽ നാം വായിക്കുന്നു: "ആകയാൽ വിശ്വാസം കേൾവിയിൽ നിന്നും കേൾവി ക്രിസ്തുവിനെ പറ്റിയുള്ള പ്രസംഗത്തിൽ നിന്നുമാണ്." മാതാപിതാക്കൾ അവരുടെ മാതാപിതാക്കളിൽ നിന്നും സഭയിൽ നിന്നും സ്വീകരിച്ച വിശ്വാസം അവരുടെ കുഞ്ഞുങ്ങൾക്ക് കൈമാറ്റം ചെയ്യുന്നു. യുവജനങ്ങൾക്ക് അവരുടെ കുടുംബത്തെ വിശ്വാസത്തിന്റെ വിദ്യാലയമായി കാണാൻ കഴിയണം. കുടുംബത്തിൽ നിന്നാണ് അവർ ദൈവവുമായുള്ള ബന്ധത്തിൽ വളരേണ്ടത്. ഇവിടെ നിന്നാണ് അവർ പ്രാർത്ഥിക്കുവാൻ പഠിക്കുന്നതും ദൈവബന്ധത്തിൽ ആഴപ്പെടുന്നതും

ii. കുടുംബത്തിൽ യുവജനങ്ങൾ സ്നേഹിക്കാനും പങ്കുവെയ്ക്കാനും പഠിക്കുന്നു. സ്നേഹിക്കുക എന്നാൽ അപരന്റെ നന്മ ആഗ്രഹിക്കുക എന്നാണ്. ഞാൻ സ്നേഹിക്കുന്ന വ്യക്തിയെക്കുറിച്ച് എനിക്ക് ചിന്തിക്കാനാകുന്ന ഏറ്റവും വലിയ നന്മ എന്താണ്? ലളിതമായി പറഞ്ഞാൽ അത് ആ വ്യക്തി എപ്പോഴും സന്തുഷ്ടനായിരിക്കണമെന്നതാണ്. യഥാർത്ഥ സന്തോഷം ക്രിസ്തുവുമായുള്ള ബന്ധത്തിൽ ഉൾച്ചേർന്നിരിക്കുന്നു. ദമ്പതികൾ വ്യവസ്ഥകളില്ലാതെയും ക്രിസ്തുവിനു വേണ്ടിയും അന്യോന്യം സ്നേഹിക്കാൻ വിളിക്കപ്പെട്ടിരിക്കുന്നു. യഥാർത്ഥസ്നേഹം എന്നത് മറ്റുള്ളവർക്കു വേണ്ടി സ്വയം അർപ്പിക്കുന്നതാണ്. യഥാർത്ഥ സ്നേഹം എന്താണെന്ന് യുവാക്കൾ പഠിക്കേണ്ടത് അവരുടെ മാതാപിതാക്കളിൽ നിന്നാണ്; അല്ലാതെ ടിവി, സിനിമ ഇത്യാദികളിൽ നിന്നല്ല. മാതാപിതാക്കൾ വിവാഹവും കുടുംബജീവിതവും വിലമതിച്ചാൽ, കുട്ടികളും വിവാഹത്തെയും കുടുംബജീവിതത്തെയും ഗണനീയമായി മാനിക്കുകയും ഒരിക്കലും ഈ വിളിയോട് 'അരുത്' എന്ന് പറയാതിരിക്കുകയും ചെയ്യും. പരി. ഫ്രാൻസിസ് പാപ്പായുടെ വാക്കുകൾ: "ഓരോ ദമ്പതികളെ സംബന്ധിച്ചും വിവാഹഒരുക്കം ജന്മനാ തുടങ്ങുന്നു. തങ്ങളുടെ കുടുംബങ്ങളിൽ നിന്ന് അവർ സ്വീകരിക്കുന്നത് തങ്ങളെ തന്നെ അറിയുന്നതിനും പൂർണ്ണവും നിർണായകവുമായ (definitive) ഒരു പ്രതിബദ്ധത കൈക്കൊള്ളുന്നതിനും അവരെ ഒരുക്കണം. നിരുപാധികം പരസ്പരം തെരഞ്ഞെടുക്കുകയും പ്രതിദിനം ഈ തീരുമാനം നവീകരിക്കുകയും ചെയ്യുന്ന, തങ്ങളുടെ തന്നെ മാതാപിതാക്കളിൽ നിന്ന് എന്താണ് ക്രൈസ്തവവിവാഹമെന്നു പഠിച്ചവരാണ് മിക്കവാറും വിവാഹത്തിന് ഏറ്റവും നന്നായി ഒരുങ്ങിയവർ" (ന. 208).

iii. കുടുംബത്തിൽ, യുവജനങ്ങൾ 'അവരുടെ മാതാവിനെയും പിതാവിനെയും ബഹുമാനിക്കാൻ' (പുറ 20:12; സുഭാ 3:3-4) വിളിക്കപ്പെട്ടിരിക്കുന്നു. കുഞ്ഞല്ല ആദ്യം അറിയുന്നതും സ്നേഹിക്കുന്നതും, മറിച്ച് അമ്മയാണ് ആദ്യം കുഞ്ഞിനെ അറിയുന്നതും സ്നേഹിക്കുന്നതും. ക്രമേണ, കുട്ടി അമ്മയുടെയും അച്ഛന്റെയും സ്നേഹം മനസ്സിലാക്കുകയും മാതാപിതാക്കളോടുള്ള സ്നേഹം ഹൃദയത്തിൽ ജനിക്കുന്നു. കുട്ടി അവന്റെ മാതാപിതാക്കളെ സ്നേഹിക്കുന്നതുകൊണ്ട് കുഞ്ഞ് അവരെ വിശ്വസിക്കാൻ തുടങ്ങുന്നു. അനുസരണം സ്നേഹത്തിന്റെയും വിശ്വാസത്തിന്റെയും പ്രകടനമാണ്. കുട്ടികൾ അവരുടെ മാതാപിതാക്കളെ സ്നേഹിക്കുകയും വിശ്വസിക്കുകയും ചെയ്യുന്നുണ്ടെങ്കിൽ അവരെ അവർ അനുസരി

ക്കണം. യുവതീ-യുവാക്കൾ മാതാപിതാക്കളെ ബഹുമാനിക്കുന്നില്ലെങ്കിൽ അവർക്ക് ദൈവത്തെയും ബഹുമാനിക്കാൻ സാധിക്കില്ല.

iv. മാതാപിതാക്കളെ അനുസരിക്കാൻ കുടുംബത്തിൽ യുവതീ-യുവാക്കൾ പഠിക്കുമ്പോൾ അവർ ദൈവകല്പനകളെ അനുസരിക്കാനും ക്രമേണ അഭ്യസിക്കുകയാണ്. ദൈവത്തെ ആദ്യം അറിഞ്ഞതും സ്നേഹിച്ചതും നമ്മളല്ല, മറിച്ച് ദൈവമാണ്, അമ്മയുടെ ഗർഭപാത്രത്തിൽ നാം ഉരുവാകുന്നതിനു മുൻപേ നമ്മെ അറിയുകയും സ്നേഹിക്കുകയും ചെയ്തത് (cf. ജെറ 1:5), അവിടുന്ന് നമ്മെ ആദ്യം സ്നേഹിച്ചു (cf. 1 യോഹ 4:19). ദൈവസ്നേഹത്തെ കുറിച്ച് നാം ബോധ്യമുള്ളവരാകുമ്പോൾ നാം അവനിൽ വിശ്വസിക്കുകയും അഭയപ്പെടുകയും ചെയ്യുന്നു. അവന്റെ വചനങ്ങൾ നമുക്കായി എഴുതപ്പെടുകയും നൽകപ്പെടുകയും, (വിശുദ്ധ ഗ്രന്ഥം). അത് സഭ ആധികാരികമായി വ്യഖ്യാനിച്ചു നൽകുകയും ചെയ്യുന്നു (വിശുദ്ധ പാരമ്പര്യവും സഭാ പ്രബോധനവും). നമുക്ക് അവനോട് സ്നേഹവും വിശ്വാസവുമുണ്ടെങ്കിൽ നാം അവനെ അനുസരിക്കണം. യേശു പറഞ്ഞു: ''നിങ്ങൾ എന്നെ സ്നേഹിച്ചാൽ എന്റെ കല്പനകൾ പാലിക്കും" (യോഹ 14.15).

v. കുടുംബത്തിൽ നിന്നാണ് യുവാക്കൾ മൂല്യങ്ങൾ അഭ്യസിക്കുന്നത്. കേൾവിയേക്കാൾ അനുകരണത്തിലൂടെയാണ് നാം കൂടുതൽ പഠിക്കുന്നത്. തങ്ങളുടെ മാതാപിതാക്കൾ അല്ലെങ്കിൽ മറ്റുള്ളവർ എന്തുചെയ്യുന്നുവെന്നത് കുട്ടികൾ എളുപ്പത്തിൽ പകർത്തുന്നു. പരി. ഫ്രാൻസിസ് മാർപാപ്പ പറയുന്നു: "ആശയങ്ങൾ, പ്രചോദനങ്ങൾ, പ്രായോഗിക പ്രവർത്തനങ്ങൾ, ഉത്തേജനങ്ങൾ, പ്രതിഫലങ്ങൾ, ഉദാഹരണങ്ങൾ, മാതൃകകൾ, അടയാളങ്ങൾ, വിചിന്തനങ്ങൾ, പ്രോത്സാഹനങ്ങൾ, സംഭാഷണങ്ങൾ, കാര്യങ്ങൾ നാം ചെയ്യുന്ന രീതികളെക്കുറിച്ചുള്ള നിരന്തരമായ പുനർവിചിന്തനങ്ങൾ എന്നിവയിലൂടെയാണ് ധാർമ്മിക പഠനം നടത്തേണ്ടത്" (സ്നേഹത്തിന്റെ സന്തോഷം, ന. 267). ആയതിനാൽ, കുട്ടികളിൽ പുണ്യങ്ങൾ വളർത്തുന്നതിൽ മാതാപിതാക്കളുടെ മാതൃകകൾ അത്യന്താപേക്ഷിതമാണ്.

vi. മാനുഷിക മൂല്യങ്ങളുടെ പ്രാഥമിക വിദ്യാലയമായ കുടുംബത്തിലാണ് യുവജനങ്ങൾ സ്വാതന്ത്ര്യത്തിന്റെ വിവേകപൂർവമായ ഉപയോഗം അവരുടെ മാതാപിതാക്കളിൽ നിന്നു പഠിക്കുന്നത് (സ്നേഹത്തിന്റെ സന്തോഷം, ന. 274). മാതാപിതാക്കളുടെ

തിരുത്തലുകൾ അവരെ പുണ്യത്തിൽ വളരാനും ഉത്തരവാദിത്ത ത്തോടെയുള്ള സ്വാതന്ത്ര്യം ഉപയോഗിക്കേണ്ടതെങ്ങനെ എന്നു പഠിക്കാനും സഹായിക്കും (സ്നേഹത്തിന്റെ സന്തോഷം, ന. 269). ഫ്രാൻസിസ് മാർപാപ്പ യുവാക്കൾക്കായി നൽകിയ ഒരു സന്ദേശ ത്തിൽ പറഞ്ഞു: "സ്വാതന്ത്ര്യം എന്നത് എനിക്ക് ആവശ്യമു ള്ളതെന്തും ചെയ്യാനുള്ള കഴിവല്ല. അത് നമ്മെ സ്വത്വകേന്ദ്രീകൃ തരും ഒറ്റപ്പെട്ടവരും ആക്കുകയും അത് തുറവിയും ആത്മാർത്ഥത യുമുള്ള സുഹൃത്തുക്കൾ ആകുന്നതിൽ നിന്ന് നമ്മെ തടയുകയും ചെയ്യുന്നു. മറിച്ച്, നന്മ തെരഞ്ഞെടുക്കാൻ സാധിക്കുന്ന കഴിവാണ് സ്വാതന്ത്ര്യം. നല്ലതായതും ദൈവത്തിനു പ്രീതികരമായതും, ത്യാഗ പൂർണമായ പരിശ്രമം ആവശ്യമുണ്ടെങ്കിൽകൂടി, തെരഞ്ഞെടു ക്കുന്ന വ്യക്തിയാണ് സ്വതന്ത്ര മനുഷ്യൻ."

vii. ഉപഭോഗസംസ്ക്കാരവും സുഖാനുഭൂതിവാദവും വ്യാപക മായതും അശ്ലീല ചിത്രങ്ങൾ ലൈംഗികതയുടെ അർത്ഥത്തെ വിരൂ പമാക്കുന്നതുമായ ഇന്നത്തെ ലോകത്ത് യുവജനങ്ങൾ ലൈംഗി കതയെ മനസ്സിലാക്കേണ്ടത് "സ്നേഹത്തിനും പരസ്പര ആത്മ സമർപ്പണത്തിനും വേണ്ടിയുള്ള ഒരു വിശാലമായ വിദ്യാഭ്യാസ ത്തിന്റെ ചട്ടക്കൂട്ടിൽ" (സ്നേഹത്തിന്റെ സന്തോഷം ന. 280) നിന്നുമാണ്.

viii. കുടുംബം സാമൂഹ്യവൽക്കരണത്തിനുള്ള സ്ഥലമാണ്. പരി. ഫ്രാൻസിസ് മാർപ്പാപ്പ എഴുതുന്നു, "സമൂഹവത്ക്കരണത്തിന്റെ പ്രാഥമികരംഗം കുടുംബമാണ്. എന്തെന്നാൽ നാം ആദ്യമായി മ റ്റുള്ളവരോട് ബന്ധപ്പെടാനും, ശ്രവിക്കാനും, പങ്കുവെക്കാനും, ക്ഷമാ ശീലമുള്ളവരാകാനും, ബഹുമാനം പ്രദർശിപ്പിക്കാനും, പരസ്പരം സഹായിക്കാനും, ഒന്നായി ജീവിക്കാനും പഠിക്കുന്നത് കുടുംബ ത്തിൽ നിന്നാണ്" (സ്നേഹത്തിന്റെ സന്തോഷം, ന. 276 ). മാതാ പിതാക്കളും കുട്ടികളും തമ്മിൽ ആരോഗ്യകരമായ സംഭാഷണം ആവശ്യമാണ്. വൈകുന്നേരങ്ങളിലെ പ്രാർത്ഥനയ്ക്കും ഭക്ഷണ ത്തിനും കൂടിവരുന്നത് പരസ്പരബന്ധം ശക്തിപ്പെടുത്തും. മാതാ പിതാക്കൾ തങ്ങളുടെ കുട്ടികളുമായി മികവുറ്റ സമയം ചെലവഴി ക്കുകയും കൂട്ടായ്മയിലായിരിക്കുന്നതിന്റെ സന്തോഷം എന്താണെന്ന് അവരെ പഠിപ്പിക്കുകയും ചെയ്യണം.

നമ്മുടെ കാലഘട്ടത്തിൽ, ശാസ്ത്ര സാങ്കേതിക വിദ്യയുടെ അതിശീഘ്രമായ പുരോഗതിയുടെ ആധിപത്യം മൂലം, മറ്റുള്ളവരു

മായി ബന്ധപ്പെടാനുള്ള കഴിവും സൗഹൃദങ്ങൾ വളർത്തിയെടുക്കാനുള്ള കഴിവും ജനങ്ങൾക്ക് നഷ്ടപ്പെട്ടുകൊണ്ടിരിക്കുന്നു. മുഖാഭിമുഖമായ സൗഹൃദത്തിനു പകരം സാങ്കല്പിക സൗഹൃദം പ്രതിഷ്ഠിക്കപ്പെട്ടിരിക്കുന്നു. പ്രത്യേകിച്ച് യുവാക്കൾ അവരുടെ ചെറു ലോകത്തിൽ മാത്രം ഒതുങ്ങുന്നു. മാതാപിതാക്കൾ ഇക്കാര്യത്തിൽ പരാജയപ്പെട്ടാൽ കുട്ടികൾക്ക് മൊബൈൽ ഫോൺ, സാമൂഹിക മാധ്യമങ്ങൾ എന്നിവയിലൂടെ സാങ്കല്പിക ബന്ധങ്ങൾ തേടാനുള്ള ചായ്‌വ് കൂടും. "കുഞ്ഞുങ്ങൾ ഏതെല്ലാം കാര്യങ്ങളിൽ ഏർപ്പെടണമെന്ന് മാതാപിതാക്കൾ ചിന്തിക്കണം. ആരാണ് അവർക്ക് വിനോദം നൽകുന്നത്, ടെലിവിഷനിലൂടേയും ഇലക്ട്രോണിക് ഉപകരണങ്ങളിലൂടേയും ആരാണ് അവരുടെ മുറികളിൽ എത്തുന്നത്, തങ്ങളുടെ ഒഴിവു സമയം ആരുമൊത്താണ് അവർ ചെലവിടുന്നത്, എന്നിവയെല്ലാം ആവശ്യമായും പരിഗണിക്കണമെന്നാണ് ഇത് അർത്ഥമാക്കുന്നത്" (സ്നേഹത്തിന്റെ സന്തോഷം, ന. 260)

**4. ആത്യന്തികമായ സന്തോഷത്തിലേയ്ക്ക് വളരാൻ പഠിക്കുക**

ആത്യന്തികമായ സന്തോഷത്തെക്കുറിച്ച് പരാമർശിച്ചുകൊണ്ട് പരി.ബനഡിക്ട് 16-ാമൻ മാർപാപ്പ പറഞ്ഞതെന്തെന്നാൽ നാം ദൈവത്തിനായി സൃഷ്ടിക്കപ്പെടുകയും അങ്ങനെ ദൈവം നമ്മെ സ്നേഹിക്കുകയും ചെയ്യുന്നു എന്നത് യാഥാർത്ഥ്യവത്ക്കരിക്കുന്നതാണ് യാഥാർത്ഥ ആനന്ദത്തിന്റെ ഉറവിടം. ചിലസമയങ്ങളിൽ, ഒരുവൻ ആഗ്രഹിക്കുന്നതെന്തും സ്വന്തമായിരിക്കുകയും എന്നാലവൻ സന്തോഷവാനല്ലാതിരിക്കുകയും ചെയ്യുന്നു; അതേ സമയം, ചിലർക്ക് സർവതും, സ്വാതന്ത്ര്യമോ ആരോഗ്യമോ പോലും, നിഷേധിക്കപ്പെടുമ്പോഴും, ദൈവം അവന്റെ ഹൃദയത്തിന്റെ ഉള്ളിൽ ഉണ്ടെങ്കിൽ, സന്തോഷവും സമാധാനവും ഉള്ളവരായിരിക്കാൻ സാധിക്കുന്നു. "ആയതിനാൽ, ഇവിടെയാണ് ആ രഹസ്യം: നമ്മുടെ ജീവിതത്തിൽ ദൈവത്തിന് പ്രഥമസ്ഥാനം ഉണ്ടായിരിക്കുക അത്യാവശ്യമായ കാര്യമാണ്."

വിശുദ്ധി, ആദ്യമായും അധികമായും, പഠിക്കുന്നത് കുടുംബത്തിലാണ്. വിശുദ്ധി, നാം മുകളിൽ സൂചിപ്പിച്ചതുപോലെ പോലെ, ക്രിസ്തുവിൽ ജീവിക്കുന്നതും ക്രിസ്തു നമ്മിൽ ജീവിക്കുന്നതുമാണ്. നമ്മിൽ വസിക്കാൻ ക്രിസ്തുവിനെ അനുവദിക്കുന്നതാണ്. ക്രിസ്തു നമ്മിൽ വസിച്ചാൽ സ്വാഭാവികമായി നമ്മൾ പിതാവായ ദൈവത്തിലേയ്ക്ക് നയിക്കപ്പെടുകയും, ആത്മാവിൽ പൂരിതരായി, യേശുക്രിസ്തു ചെയ്തതു പോലെ, നമുക്കവനെ

അബ്ബാ എന്നു വിളിക്കാൻ സാധിക്കും. അതുപോലെ ദൈവത്തെ സ്നേഹിക്കാനും നമ്മുടെ സഹോദരങ്ങളെ സ്നേഹിക്കാനും നമുക്ക് കഴിയും. സ്നേഹം ഈ ഭൂമയിൽ നമുക്ക് യഥാർത്ഥ സന്തോഷം പ്രദാനം ചെയ്യുന്നു. ഒരു വ്യക്തി ക്രിസ്തുവിനോടൊപ്പം മരിക്കുന്നെങ്കിൽ അവൻ അവനിൽ ജീവിക്കുന്നു, കാരണം ക്രിസ്തുമായുള്ള ഐക്യം മരണത്തെക്കാൾ ശക്തനാണ്.

അസ്തിത്വപരമായ സന്തോഷം അതിന്റെ പൂർണതയിൽ ആസ്വദിക്കാൻ കഴിയുന്നത് സ്വർഗത്തിലാണ്. നമുക്ക് സങ്കല്പിക്കാവുന്നതിലും ഉപരിയാണിത്. നാം കർത്താവിനെ കാണുകയും നമ്മുടെ ഹൃദയം സന്തോഷിക്കുകയും ചെയ്യും; ആരും നമ്മുടെ സന്തോഷം നമ്മിൽനിന്ന് എടുക്കുകയില്ല (cf യോഹ 17:22) നാം ദൈവത്തെ അവനായിരിക്കുന്നതുപോലെ കാണും (യോഹ 3:1-2; 1 കോറി 13:12). നാം ദൈവത്തിന്റെ പുത്രന്മാരും പുത്രിമാരുമാണെന്നും പിതാവായ ദൈവം തന്റെ പുത്രനെ സ്നേഹിക്കുന്നതുപോലെ നമ്മെ സ്നേഹിക്കുന്നുവെന്നുമുള്ള (യോഹ 17:23) പൂർണയാഥാർത്ഥ്യത്തിലേയ്ക്ക് നാമെത്തിച്ചേരും. ഈ ബോധ്യമാണ് സ്വർഗത്തിന്റെ അന്തഃസത്ത; ഇതാണ് ഒരിക്കലും അവസാനിക്കാത്ത സന്തോഷം നമുക്ക് നൽകുന്നത്.

വിശുദ്ധ ജോൺ പോൾ രണ്ടാമൻ മാർപാപ്പ എഴുതുന്നു: "നമ്മുടെ ദൈവം തന്റെ ഏറ്റവും ആഴത്തിലുള്ള രഹസ്യത്തിൽ ഏകനല്ല, മറിച്ച് ഒരു കുടുംബമാണ്, (കാരണം) അവനിൽ പിതൃത്വവും പുത്രത്വവും കുടുംബത്തിന്റെ സത്തയായ സ്നേഹവും ഉണ്ട്." മനുഷ്യ വ്യക്തികളെ സൃഷ്ടിച്ചത് ദൈവമായതുകൊണ്ട് അവന്/അവൾക്ക് കുടുംബം തന്നെയായ ദൈവവുമായി നിത്യസംസർഗത്തിലാകാൻ സാധിക്കും. സ്വർഗമെന്നാൽ ദൈവത്തിന്റെ കുടുംബത്തിലേയ്ക്ക് അവന്റെ മകനും മകളുമായുള്ള പ്രവേശനമാണ്. ഓരോ ക്രിസ്തീയ കുടുംബവും പരിശുദ്ധ ത്രിത്വത്തിന്റെ പ്രതിഫലനവും പ്രതിബിംബവുമാണ്. കുടുംബത്തിലെ ഒരോ അംഗവും ആത്മദാനമാകുന്ന സ്നേഹം പരിശീലിക്കാൻ വിളിക്കപ്പെട്ടിരിക്കുന്നു. ഇതുമാത്രമാണ് യഥാർത്ഥ സന്തോഷത്തിലേയ്ക്ക് ആനയിക്കുന്നത്. നസ്രത്തിലെ തിരുകുടുംബം അതിന്റെ സംപൂർണ അർത്ഥത്തിൽ ദൈവിക കുടുംബത്തിന്റെ പ്രതിഛായ ആയിരുന്നു. എല്ലാ സാഹചര്യങ്ങളിലും സ്നേഹത്തിന്റെ സന്തോഷം അവർ അനുഭവിച്ചിരുന്നു; സത്രത്തിൽ താമസിക്കാൻ അവർക്ക് ഇടം

കിട്ടാതിരുന്നപ്പോഴും, അവർക്ക് ഈജിപ്തിലേയ്ക്ക് പലായനം ചെയ്യേണ്ടി വന്നപ്പോഴും. അതുപോലെ തന്നെ, കഷ്ടപ്പാടുകളുടേയും ബുദ്ധിമുട്ടുകളുടേയും മദ്ധ്യേ, ക്രിസ്തീയ കുടുംബത്തിലെ അംഗങ്ങൾക്ക്, അവർ വിളിക്കപ്പെട്ടിരിക്കുന്നത് സ്നേഹമാകുന്ന ദൈവത്തിന്റെ അഗാധമായ രഹസ്യം പ്രതിബിംബിക്കാനാണെന്ന ബോധ്യത്തോടെ ജീവിച്ചാൽ, അവരുടെ ഹൃദയങ്ങളിൽ സന്തോഷം തുടർന്നും അനുഭവിക്കാൻ കഴിയും. കാരണം അവർ വിളിക്കപ്പെട്ടിരിക്കുന്നത് ദൈവം സ്നേഹമാകുന്നു എന്ന രഹസ്യത്തിലേയ്ക്കാണ്. സ്നേഹം, പരി. ഫ്രാൻസിസ് മാർപാപ്പ നിരന്തരം പഠിപ്പിക്കുന്നതുപോലെ, സന്തോഷത്തിലേയ്ക്കുള്ള പാതയാണ്. അത് തീർച്ചയായും ഒരു എളുപ്പ വഴിയല്ല. അതിന് ധാരാളം പരിശ്രമങ്ങൾ ആവശ്യമാണ്, അതുപോലെ, അതിൽ പരിത്യാഗങ്ങൾ അടങ്ങിയിരിക്കുന്നു. യുവജനങ്ങൾക്ക് ഇന്ന് ഇത് പഠിക്കാൻ സാധിക്കുന്നത് അവരുടെ കുടുംബങ്ങളിലാണ്.

**ഉപസംഹാരം**

ഈ യുഗത്തിന്റെ വിരോധാഭാസം എന്തെന്നാൽ, സന്തോഷത്തിനുവേണ്ടിയുള്ള അധികമധികമായ ത്വരയിൽ കൂടുതൽ ആളുകളും വിഷാദരോഗികളാകുന്നു; കാരണം, യഥാർത്ഥ സന്തോഷം എന്തെന്നു മനസിലാക്കാൻ അവർ പരാജയപ്പെടുന്നു എന്നതാണ്. അസ്തിത്വപരമായ ശൂന്യത അത്യന്താധുനിക കാലഘട്ടത്തിൽ സാർവത്രിക പ്രതിഭാസമായി മാറിയിരിക്കുന്നു; അത് ധാരാളം യുവജനങ്ങളെ പ്രത്യാശ നഷ്ടപ്പെടുന്നതിലേയ്ക്ക് നയിക്കുന്നു. ആളുകളുടെ ജീവിതത്തിൽ നിന്നും എല്ലാ ചർച്ചകളിൽ നിന്നും ദൈവത്തെ പുറത്താക്കാനുള്ള പരിശ്രമങ്ങൾ നടക്കുന്ന ഈ മതനിരാസ കാലഘട്ടത്തിൽ, അസ്ഥിത്വപരമായ സന്തോഷത്തിനായുള്ള മനുഷ്യന്റെ അഭിവാഞ്ചയെ ആത്യന്തികമായി തൃപ്തിപ്പെടുത്താൻ ദൈവത്തിനു മാത്രമെ കഴിയൂ എന്ന ബോധ്യത്തിൽ ക്രിസ്തീയ യുവത്വം വളരേണ്ടത് ആവശ്യമാണ്, കാരണം ഇതിനായിട്ടാണ് നാം സൃഷ്ടിക്കപ്പെട്ടിരിക്കുന്നത്. ദൈവത്തിൽ മാത്രമാണ് നമ്മുടെ ആരംഭവും, നമ്മുടെ ലക്ഷ്യവും നമ്മുടെ അസ്ഥിത്വത്തിന്റെ അർത്ഥവും യഥാർത്ഥ സന്തോഷവും നാം കണ്ടെത്തുന്നത്.

സന്തോഷത്തിലേയ്ക്കുള്ള താക്കോൽ വിശുദ്ധിയാണ്. പരിശുദ്ധ ദൈവം നമ്മെ വിശുദ്ധിയിലേയ്ക്ക് നയിക്കുന്നു. സങ്കീർത്തകൻ പ്രാർത്ഥിക്കുന്നു: “അങ്ങ് എനിക്ക് ജീവമാർഗം കാണിച്ചു തരുന്നു അങ്ങയുടെ സന്നിധിയിൽ ആനന്ദത്തിന്റെ പൂർണതയുണ്ട്.

അങ്ങയുടെ വലത്തുകൈയിൽ ശാശ്വതമായ സന്തോഷമുണ്ട്" (സങ്കീ 16.11). എത്രമാത്രം നാം വിശുദ്ധരാണോ അത്രമാത്രം പൂർണമായിരിക്കും നമ്മുടെ സന്തോഷം. ഒരോ അംഗവും വിശുദ്ധിയിലേയ്ക്ക് വളരാൻ പഠിക്കുന്ന സ്ഥലമായിട്ടാണ് ദൈവം കുടുംബം സ്ഥാപിച്ചിരിക്കുന്നത്. യുവജനങ്ങൾക്ക് വിശ്വാസത്തിന്റെ പ്രാഥമിക വിദ്യാലയമാണ് കുടുംബം. ഇവിടെയാണ് അവർ പുണ്യങ്ങൾ അഭ്യസിക്കുന്നതും യഥാർത്ഥ സ്വാതന്ത്ര്യമെന്തെന്ന് പഠിക്കുന്നതും. ലോകത്തിന് പ്രത്യാശയുടേയും യഥാർത്ഥ സന്തോഷത്തിന്റേയും സാക്ഷികളായ ക്രിസ്തീയ യുവത്വത്തെ ഇന്ന് ആവശ്യമാണ്.

ദൈവത്തെക്കൂടാതെ ജീവിതത്തിന് ഒരു ലക്ഷ്യവുമില്ല; ലക്ഷ്യമില്ലാതെ ജീവിതത്തിന് അർത്ഥമില്ല, അർത്ഥമില്ലെങ്കിൽ ജീവിതത്തിന് യാതൊരു പൊരുളോ പ്രത്യാശയോ ഇല്ല (Rick Warren, *The Purpose Driven Life*). പ്രത്യാശയ്ക്കും ആധികാരികമായ സന്തോഷത്തിനും സാക്ഷ്യം വഹിക്കാൻ യുവാക്കളെ ക്രിസ്തു ക്ഷണിക്കുന്നു, (റോമ 12:12). "അവരുടെ ഉള്ളിലെ പ്രത്യാശയുടെ കാരണം" (cf 1 പത്രോ 3.15) നൽകാൻ ഒരുക്കമുള്ള യുവജനങ്ങളെ ക്രിസ്തുവിന് ആവശ്യമുണ്ട്. അങ്ങനെ, ആവേശകരവും ശക്തവുമായ വിളി പുറത്തേയ്ക്ക് പോകാനും ക്രിസ്തുവിൽ അവർ കണ്ടെത്തിയ സന്തോഷം ലോകത്തോട് പറയാനുമുള്ളതാണ്.

## പരിചിന്തിന്തനത്തിനുള്ള ചോദ്യങ്ങൾ

1. ജീവിതം ദൈവത്തിന് വേണ്ടി ജീവിക്കാനുള്ളതാണെന്നും തങ്ങൾക്കുവേണ്ടി ഉള്ളതല്ലെന്നും യുവജനങ്ങളെ എങ്ങനെ ഓർമിപ്പിക്കാൻ സാധിക്കും?

2. ഫ്രാൻസിസ് മാർപാപ്പ *ആനന്ദിച്ച് ആഹ്ലാദിക്കുക* എന്ന ചാക്രിക ലേഖനത്തിൽ എഴുതി: "സന്തോഷം അല്ലെങ്കിൽ അനുഗ്രഹം എന്ന പദം വിശുദ്ധിയുടെ പര്യായമായിരിക്കുന്നു, കാരണം, ദൈവത്തോട് വിശ്വസ്തരായിരിക്കുന്നവർ, ആത്മദാനത്തിലൂടെ യഥാർത്ഥ സന്തോഷം കണ്ടെത്തുന്നു." നിങ്ങൾക്ക് എന്ത് ചിന്തിക്കുന്നു?

3. യുവജനങ്ങൾ ഇന്ന് അഭിമുഖീകരിക്കുന്ന മൂന്നു പ്രധാന പ്രശ്നങ്ങളേതെല്ലാം? കുടുംബങ്ങളിൽ വിശുദ്ധി എങ്ങനെ ജീവിക്കാം? കൃത്യമായ വഴികൾ നിർദ്ദേശിക്കുക

Published by
**M.C.Y.M, Central Secretariat**
Catholicate Centre, Trivandrum - 695 004
On March 2019